(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ 12-787/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ-685584
ഫോൺ- 04862 227332
ഫോൺ-doidk.ksad@kerala.gov.in
തീയതി 02.11.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
സേനാപതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : **സേനാപതി ഗ്രാമപഞ്ചായത്ത്** 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **സേനാപതി ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3)കാര്യാലയ പകർപ്പ്

കെ.എസ്.എ.ഐ.ഡി.കെ 12-787/2020 തീയതി: 02.11.2020

ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ **സേനാപതി ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.01.2019 മുതൽ 21.09.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ	ശ്രീമതി ബേബി സന്തുജ,ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	22.09.2020 മുതൽ 30.09.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

ശ്രീ. സണ്ണി എം.യു	ഓഡിറ്റ് ഓഫിസർ
ശ്രീ. മുഹ്സിൻ ഫൈസൽ	അസി.ഓഡിറ്റ് ഓഫിസർ
ശ്രീ. മേജോ കെ ജോർജ്ജ്	സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സാമുവൽ രാജ് ആർ	സീനിയർ ഗ്രേഡ് ഓഡിറ്റർ

നിർവ്വഹണ അധികാരികൾ

പ്രസിഡണ്ട്	ശ്രീ. ജോസ് തോമസ്	01.04.18 മുതൽ 31.03.19 വരെ
സെക്രട്ടറി	ശ്രീ. ഹാരിസ് ഖാൻ എം	01.04.18 മുതൽ 31.03.19 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

അസി.സെക്രറട്ടറി	ശ്രീ. അനിൽ എസ്	01.04.18മുതൽ 21.06.18 വരെ
	ഹെബിമോൻ എബ്രാഹം (ഹെഡ് ക്ലാർക്ക്-ഇൻചാർജ്)	22.06.18 മുതൽ 21.11.18 വരെ
	ശ്രീ. എം.പി പോൾ	22.11.18 മുതൽ 31.03.19 വരെ
മെഡിക്കൽ ഓഫിസർ(പി.എച്ച്.സി)	ഡോ. അഭിലാഷ് ടി.പി	01.04.18 മുതൽ 11.05.18 വരെ
	ഡോ.വിജേഷ് വിജയൻ	12.05.18 മുതൽ 26.06.18 വരെ
	ഡോ.ഗോപിനാഥൻ മോൻ	27.06.18 മുതൽ 31.03.19 വരെ
മെഡിക്കൽ ഓഫിസർ(ആയൂർവേദം)	ഡോ.ദിവ്യ ഡേവിസ്	01.04.18 മുതൽ 09.10.18 വരെ
	ഡോ. സിംല കെ.എസ്	10.10.18 മുതൽ 10.01.19 വരെ
	ഡോ. ബിന്ദു വി.	11.01.19 മുതൽ 31.03.19 വരെ
മെഡിക്കൽ ഓഫിസർ(ഹോമിയോ)	ഡോ.ജെസി കെ.എൽ	1.04.18മുതൽ 25.09.18 വരെ
	ഡോ.കെ.പി നിഷ	26.09.18മുതൽ 31.03.18 വരെ
വെറ്ററിനറി സർജൻ	ഡോ. അനൂപ് ജിയോ	1.04.18മുതൽ 05.05.18 വരെ
	ഡോ.ഗണേശൻ	06.05.18 മുതൽ 31.03.19 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി. സിനി എൻ.ആർ	01.04.18 മുതൽ 31.03.19 വരെ
കൃഷി ഓഫീസർ	ശ്രീമതി. ബെറ്റ്സി മെറീന ജോൺ	1.04.18മുതൽ 31.03.19 വരെ
വി.ഇ.ഒ	ശ്രീ. വിപിൻ കുമാർ	01.04.18മുതൽ 31.03.19 വരെ
അസി.എഞ്ചിനീയർ	ശ്രീ. അബ്ദുൾ സമദ് പി.എസ്	01.04.18മുതൽ 31.03.19 വരെ
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	ശ്രീ. ബിനേഷ് തോമസ് (ഡയറി ഫാം ഇൻസ്ട്രക്ടർ)	01.04.18 മുതൽ 06.07.18 വരെ
	ശ്രീമതി. ജാൻസി ജോൺ (ഡയറി എക്സ്റ്റൻഷൻ ഓഫീസർ)	07.07.18 മുതൽ 02.12.18 വരെ
	ശ്രീ. എ.സി. റെജികുമാർ (ഡയറി ഫാം ഇൻസ്ട്രക്ടർ)	03.12.18 മുതൽ 31.03.19 വരെ
ഹെഡ് മാസ്റ്റർ ഗവ.എൽ.പി.എസ്	ശ്രീമതി. തേൻമൊഴി	01.04.18 മുതൽ 31.03.19 വരെ

ഉള്ളടക്കം

ക്രമനം	ഖണ്ഡിക നം	ഖണ്ഡിക
ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട്		
1	1-1	ബജറ്റ്
2	1-2	വാർഷികധനകാര്യപത്രിക
3	1-3	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)
4	1-4	ഫണ്ട് വിനിയോഗം
5	1-5	പദ്ധതി അവലോകനം
6	1-6	തൊഴിലുറപ്പ് പദ്ധതി
7	1-7	ക്ഷേമ പദ്ധതികൾ
8	1-8	ക്യാഷ് പരിശോധന
9	1-9	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
10	1-10	ആഭ്യന്തരനിയന്ത്രണം
11	1-11	വാർഷിക കണക്കിലെ അപാകതകൾ
12	1-12	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ്-ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല
13	1-13	വസ്തു നികുതി നിർണയത്തിലെ അപാകതകൾ
14	1-14	മൊബൈൽടവറുകളുടെ അസസ്മെന്റ് നടത്തി വസ്തു നികുതി ഈടാക്കിയിട്ടില്ല
15	1-15	മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, റേഷൻ കടകൾ എന്നിവയുടെ ലൈസൻസ് ഫീ,തൊഴിൽ നികുതി ഈടാക്കിയിട്ടില്ല
16	1-16	തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ
17	1-17	വയോജനങ്ങൾക്ക് വീൽ ചെയർ-പദ്ധതി നടത്തിപ്പിലെ അപാകതകൾ
18	1-18	ഫർണീച്ചറുകൾ വാങ്ങൽ-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല
19	1-19	കുടിവെള്ള പദ്ധതികൾ-അപാകതകൾ
20	1-20	വിവിധ പദ്ധതികൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിച്ചിട്ടില്ല
21	1-21	വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല
22	1-22	ഫയലുകൾ ഹാജരാക്കിയില്ല-തടസ്സം ₹1600000/-
23	1-23	വിവിധോദ്ദേശ്യ ഗ്രാന്റുകൾ-ചെലവ് വിവരം ലഭ്യമല്ല
24	1-24	പാത്രങ്ങൾ വാങ്ങൽ-അപാകതകൾ
25	4-1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം
26	4-2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം
27	4-3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ
28	4-4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ
29	4-5	സ്ഥിരനിക്ഷേപം
30	4-6	വായ്പ / വായ്പാതിരിച്ചടവ്
31	4-7	ഓഡിറ്റ് റിക്കവറി
32	4-8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്
33	4-9	ചാർജ് /സർചാർജ് നടപടികളുടെ വിവരം
34	4-10	ഓഡിറ്റ് പ്രത്യവലോകനം
35	4-11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ
36	അനുബന്ധം 1	ഓഡിറ്റ് സാക്ഷ്യപത്രം

ഭാഗം -1
ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

2018-19വർഷത്തെ ബജറ്റ് 22.3.2018 ലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. നിർവ്വഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റികളും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കണം.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി

31.07.2019	14.06.2019	-	-

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	4435246
വരവ്	46527218
ആകെ	50962464
ചെലവ്	46147505
നീക്കിയിരിപ്പ്	4814959

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് പൊതുവിഭാഗം	0	13527000	13527000	8958358	4568642
വികസനഫണ്ട് എസ്.സി.പി.	0	2754000	2754000	1717384	1036616
വികസനഫണ്ട് ടി.എസ്.പി.	0	573000	573000	100000	473000
സംരക്ഷണഗ്രാന്റ് റോഡ്	0	2379000	2379000	1340939	1038061
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	2780000	2780000	1724229	1055771
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	8092493	8092493	3269356	4823137
എം.എൻ.ആർ.ഇ.ജി.എസ്.	1580	2047699	2049279	2045470	3809
(ഭരണനിർവഹണം) ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	52389503	52389503	52389503	0
കേന്ദ്രാവിഷ്കൃത പദ്ധതികൾ					
സെൻട്രൽ ഗവ. ഗ്രാന്റ്	1276000	-	1276000	1276000	-
ഐ.സി.ഡി.എസ്	411595	198875	610470	610470	0
ശുചിത്വമിഷൻ	0	1769008	1769008	1035952	733056
നബാർഡ്	0	1590000	1590000	1494600	95400
സെൻട്രൽ ഗവ. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്	0	506867	506867	25000	481867
ഫിഷറീസ്	0	51464	51464	0	51464
കേരളോത്സവം	0	20000	20000	20000	0
കൃഷി വകുപ്പ്-ജൈവ കർഷക അവാർഡ്	0	100000	100000	100000	0
ജില്ലാ പഞ്ചായത്ത്	2790166	3578175	6368341	6330166	38175
ബ്ലോക്ക് പഞ്ചായത്ത്	0	1344246	1344246	920000	424246
ദുരിതാശ്വാസ ഫണ്ട്	0	168987	168987	168661	326
ഇ.എം.എസ്	97015	0	97015	0	97015
IDCB ജവഹർ ഭവനം	1110	34	1144	0	1144
IDCB ഇ.എം.എസ്	3450	0	3450	0	3450
ഗുണഭോക്തൃ വിഹിതം	0	673325	673325	0	673325
SBTപ്ലാൻ	252066	8939	261005	0	261005
തനതുഫണ്ട്	2955551	10202049	13157600	1322305	(-)64705
ട്രഷറി	(-)3474633	1682050	13350417	9783486	1949318

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്(എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത്(എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത്(എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
163	117468307	77	34543049	6	80	47.24

പദ്ധതി അടങ്കലിന്റെ 29.4% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. വികസന ഫണ്ട് സാധാരണ വിഹിതത്തിലും സംരക്ഷണ ഗ്രാന്റ് റോഡിതരത്തിലും മാത്രമാണ് 50% ന മുകളിൽ തുക വിനിയോഗിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പദ്ധതി തുകയുടെ 37.96% മാത്രമാണ് അസി.എഞ്ചിനിയർ വിനിയോഗിച്ചിട്ടുള്ളത്. 2017-18 വർഷം അംഗീകാരം ലഭിച്ച 17 പൊതുമരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നെങ്കിലും 2018-19 ലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ

ഗ്രാന്റിനങ്ങളിൽ സർക്കാർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച ₹30105493/-യിൽ ₹12995227/-ഫലപ്രദമായി വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് പാഴാക്കിക്കളയുകയും ചെയ്തിട്ടുണ്ട്.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	1580	2047699	2049279	2045470	3809
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	52389503	52389503	52389503	0

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	2025700	495
വിധവാപെൻഷൻ	5519800	1314
വാർദ്ധക്യകാലപെൻഷൻ	12255900	2820
വികലാംഗപെൻഷൻ	1759700	403
50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	168900	42

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2020ന് 4.55 PM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹101838 നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കുറ്റമറ്റ രീതിയിൽ നടന്നുവരുന്നു. ഫയലുകളും രേഖകളും സാമാന്യം തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്. പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കായി ലഭിക്കുന്ന ഫണ്ടുകളുടെ വിനിയോഗ വിവരം നിരീക്ഷിക്കുന്നതിന് പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെറ്റായ അക്കൗണ്ടിംഗ് മൂലം ചെലവാകാതെ അവശേഷിക്കുന്ന പല വിവിധോദ്ദേശ്യ ഗ്രാന്റുകളും ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ബാധ്യതയായി ഉൾപ്പെട്ടിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ വിവിധ ചെലവുകൾക്കായി തുകകൾ കൈമാറി മാസങ്ങൾക്കു ശേഷമാണ് ബന്ധപ്പെട്ട ചെലവു വിവരങ്ങൾ സാംഖ്യ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നത്. പദ്ധതി മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല. പല പ്രോജക്ടുകളിലും പദ്ധതി പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകൾ ലഭ്യമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലാണ് പല കുടിവെള്ള പദ്ധതികളുടെയും ജല സ്രോതസ്സ് സ്ഥിതി ചെയ്യുന്നതെങ്കിലും പദ്ധതി സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനുള്ള തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സ്വീകരിച്ചിട്ടില്ല. 2017-18 വർഷം അംഗീകാരം നേടിയ പല പദ്ധതികളും 2019-20 വർഷവും സ്പിൽ ഓവറായി തുടരുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ചതീയതി
പെർഫോമൻസ് ഓഡിറ്റ്	20.02.2020	31.01.2020 വരെ	20.02.2020
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	08.02.16 മുതൽ 12.02.16 വരെ	2014-15 വരെ	28.07.16

1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. വായ്പ തുകകളുടെ തൻവർഷത്തെ വരവ്, ഒടുക്ക്, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
2. വസ്തുനികുതി - സഞ്ചയ-സാംഖ്യ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. MGNREGS – വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.
4. ജനറൽ പർപ്പസ് ഫണ്ട് - വാർഷിക കണക്കിലെ തുകകൾ എ.സി.ആർ. തുകകളുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷത്തെ ഒരു ഗഡു തുക ₹422833/- റീ അപ്രോപ്രിയേഷനിലൂടെ ലഭ്യമാക്കിയിട്ടില്ല.
5. ആർജ്ജിച്ച ആസ്തികളുടെ മൂല്യം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ എന്നീ കണക്കുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.
6. ബി-4, ബി-17ലെ നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.
7. സംയുക്ത പ്രോജക്ടുകളുടെ വിവരങ്ങൾ ലഭ്യമല്ല.

8. വസ്തുനികതിയിനത്തിൽ Prior Period Item (I-18)₹1590103/- പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എഴുതി തള്ളിയിരിക്കുന്നു. വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
9. പിരിഞ്ഞുകിട്ടുവാനുള്ള തുകകൾക്ക് പ്രൊവിഷൻ ഏർപ്പെടുത്തിയില്ല.
10. സംയുക്ത പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലുള്ള നീക്കിയിരുപ്പ് തുക ₹424246/-ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല. ജില്ല പഞ്ചായത്തിന്റെ നീക്കിയിരിപ്പ് തുക ₹38175/- ഉം പ്രതിഫലിച്ചിട്ടില്ല.
11. നബാർഡിൽ നിന്നും ലഭിച്ച ₹1590000/-സംയുക്ത പദ്ധതികൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലാണ്(ലെഡ്ജർ 320700104) ഉൾപ്പെട്ടിരിക്കുന്നത്.
12. വനിതാ നെൽകർഷകർക്കുള്ള കൂലി ചെലവ് സബ്സിഡിയിനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ₹297500/-യുടെ ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത് ബി ഫണ്ട് ചെലവ് ശീർഷകത്തിലാണ്.(RP-19)
13. നബാർഡ് ഫണ്ടിനത്തിലുള്ള നീക്കിയിരിപ്പ് ₹95400/-വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.
14. റിലീഫ് ഫണ്ടിന്റെ ബാങ്കിലെ നീക്കിയിരിപ്പ്, ഷെഡ്യൂൾ B2-ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
15. ഫിഷറീസ് നീക്കിയിരുപ്പ് ₹51464/- ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.

1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ബാലൻസ്- ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ലൈസൻസിന് അപേക്ഷിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടോയെന്ന് കണ്ടെത്താനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 വസ്ത നികുതി നിർണ്ണയത്തിലെ അപാകതകൾ

നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ ഗാർഹികം/വാണിജ്യം/ഇതര വ്യവസായം തുടങ്ങിയ രീതിയിൽ വസ്തു നികുതി നിർണ്ണയിക്കുന്നുണ്ട്. എന്നാൽ ലൈസൻസിന് അപേക്ഷിച്ചിട്ടുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള പല കെട്ടിടങ്ങളുടേയും കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചതിൽ അവയുടെ യഥാർത്ഥ ഉപയോഗത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ചിട്ടില്ലായെന്ന് കണ്ടെത്തി. ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം വാണിജ്യ ആവശ്യമെന്ന് കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് സഞ്ചയയിൽ പാർപ്പിട ആവശ്യമെന്ന് രേഖപ്പെടുത്തി നികുതി നിശ്ചയിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡും കെട്ടിട നമ്പരും	പേർ/വിലാസം	ഉപയോഗം
7/108	തിലോത്തമ സോമൻ കുറ്റിച്ചിറയിൽ	സ്റ്റീൽ ഫർണിച്ചർ
12/189	ബിന്ദു ഭാസ്കരൻ താന്നിക്കൽ	വെൽഡിംഗ് വർക്ക്ഷോപ്പ്
10/340	സിജോയ് എം കുന്നമ്മാക്കൽ	ഹയറിംഗ് സർവ്വീസ്
12/261	മനോജ്കുമാർ പി.എസ് പുത്തൻപുരയിൽ	ഏലയ്ക്ക വ്യാപാരം
7/383	സൂസമ്മ മാത്യു മലയിൽ	ഏലയ്ക്ക വ്യാപാരം
5/301	എബിൻ മാത്യു പുത്തൻപുരയ്ക്കൽ	സഞ്ജയയിൽ വിവരങ്ങൾ ലഭ്യമല്ല
4/213	ജിലു ബിജു മുണ്ടോടത്തിൽ	തയ്യൽ കട
13/381	ജോൺ കെ.ആർ കോലംകുടിയിൽ	ടീ ഷോപ്പ്
4/199	മാത്തുക്കുട്ടി താന്നിയാംപറമ്പിൽ	ചിക്കൻ സെന്റർ
4/604	മാത്യു ഡി പാലത്തിങ്കൽ	പലചരക്ക് വ്യാപാരം
12/525	വിജയൻ വി.എൻ വാഴപ്പറമ്പിൽ	ഫർണിച്ചർ കട
4/516	സുരേഷ് വി.എസ് വടക്കേകര	പലചരക്ക് വ്യാപാരം

വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ വാണിജ്യേതര ഉപയോഗമെന്ന് തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവുണ്ടാകുന്നുണ്ട്. ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന നമ്പരിലുള്ള കെട്ടിടങ്ങളുടെ ഉപയോഗത്തിനനുസൃതമായ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 മൊബൈൽ ടവറുകളുടെ അസ്സസ്സ്മെന്റ് നടത്തി വസ്തു നികുതി ഈടാക്കിയിട്ടില്ല. വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ അസ്സസ്സ്മെന്റ് നടത്തി കെട്ടിട നമ്പർ നൽകി നികുതി നിർണ്ണയം നടത്തിയിട്ടില്ല.

ക്രമ നം	സ്ഥാപനം	വാർഡ് നം	ടവറുകളുടെ എണ്ണം
1	ബി.എസ്.എൻ.എൽ	1	1
2	എയർടെൽ, വോഡാഫോൺ, ഐഡിയ	4	1(4-യൂണിറ്റ്)

പ്രസ്തുത ടവറുകൾക്ക് കെട്ടിട നമ്പർ നൽകി ച.മീറ്ററിന് ₹500/- നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതാണ്. നാളിതുവരെയും നികുതി നിർണ്ണയം നടത്താത്തതിനാൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ തനത് വരുമാനം നഷ്ടപ്പെടുന്നതായി കാണുന്നു. നികുതി നിർണ്ണയം അടിയന്തിരമായി നടത്തി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ റേഷൻ കടകൾ- ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റേഷൻ കടകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്ക് ലൈസൻസ് നൽകി തൊഴിൽ നികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനും തൊഴിൽ നികുതി ഈടാക്കുവാനും പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ലഭ്യമല്ല. മുൻ വർഷ റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ 13 വാർഡുകളിലെയും മുഴുവൻ റേഷൻ കടകൾക്കും ലൈസൻസ് നൽകി ഫീസ് ഈടാക്കുവാനും വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുവാനും നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1994 കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 3 സെക്ഷൻ (204) 3 പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടു വാടക ബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്ത വരുമാനത്തിന്റെ മേലെയാണ് നികുതി നിർണ്ണയിക്കേണ്ടത് എന്ന് നിഷ്കർഷിച്ചിരിക്കെ 2018-19 വർഷത്തിൽ പഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗം ജീവനക്കാർക്ക് ലഭ്യമായ ആർജ്ജിതാവധി സറണ്ടർ, ഫെസ്റ്റിവൽ അലവൻസ് എന്നിവ ഉൾപ്പെടുത്താതെയാണ് തൊഴിൽ നികുതി നിശ്ചയിച്ച് ഈടാക്കിയിരിക്കുന്നത്.

തൊഴിൽ നികുതി കൃത്യമായി നിശ്ചയിച്ച് ഈടാക്കുന്നിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.23.09.2020) വിധേയമായി തൊഴിൽ നികുതി ഇനത്തിൽ കുറവു വന്ന ₹1200/- 23.9.2020 ലെ രസീത് നം 120030100401 പ്രകാരം ഈടാക്കിയിട്ടുണ്ട്. തൊഴിൽ നികുതി കൃത്യമായി നിശ്ചയിച്ച് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 വയോജനങ്ങൾക്ക് വീൽചെയർ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി വയോജനങ്ങൾക്ക് വീൽചെയർ പദ്ധതി(92/19) നടപ്പാക്കുന്നതിനു വേണ്ടി തൻവർഷം വികസനഫണ്ടിൽ നിന്നും ₹100000/- വകയിരുത്തുകയും ₹81377/-(ബിൽ 26/18-19,23-3-19) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം കറന്റ് ബുക്ക്സ് ഇന്ത്യാ ലിമിറ്റഡ്, തൊടുപുഴ എന്ന സ്ഥാപനത്തിൽ നിന്നാണ് വീൽചെയർ വാങ്ങിയിരിക്കുന്നത്. പദ്ധതി ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ രീതി വ്യക്തമായിട്ടില്ല. ഗുണഭോക്താക്കൾക്ക് വീൽചെയറിന്റെ ആവശ്യകത സംബന്ധിച്ച് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. മെഡിക്കൽ ഉപകരണം എന്നനിലയിൽ വികലാംഗക്ഷേമ കോർപറേഷനിൽ നിന്നോ സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വീൽചെയർ വാങ്ങേണ്ടതായിരുന്നു എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.
3. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.
4. വാങ്ങിയ ഉപകരണങ്ങളുടെ ക്ഷമത മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. 13 വീൽചെയറുകൾ വാങ്ങിയതായും വിതരണം ചെയ്തതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വ്യക്തിഗത ഗുണഭോക്താക്കളുടെ ഫയൽ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.2/23.09.20) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക ₹81377/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ഫർണ്ണിച്ചർ വാങ്ങൽ- സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയപ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	പ്രോജക്ട്	അടങ്കൽ ₹	ഫണ്ട്	ബിൽ/ തീയതി	തുക ₹	കൈപ്പറ്റിയ സ്ഥാപനം
1	പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ (174/19)	87293	വികസനഫണ്ട്	36/18-19, 25.03.19	85750	സുപ്രീം ഏജൻസി പെരുമ്പാവൂർ
2	വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ (180/19)	100000	മെയിന്റനൻസ് ഫണ്ട് (റോഡിതരം)	35/18-19, 25.03.19	93830	സുപ്രീം ഏജൻസി പെരുമ്പാവൂർ

കൂടിയ തുക ക്വാട്ടു ചെയ്ത സ്ഥാപനത്തിൽ നിന്നും ഫർണ്ണിച്ചർ വാങ്ങിയെങ്കിലും പർച്ചേസ് കമ്മിറ്റിയുടെ അഭിപ്രായം തേടിയിട്ടുള്ളതായി കാണുന്നില്ല. തൻവർഷം പർച്ചേസ് കമ്മിറ്റി രൂപീകരിച്ചതായോ വാങ്ങൽ നടപടികളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തിയതായോ കാണുന്നില്ല. 02.03.2019 ലെ പഞ്ചായത്ത് കമ്മിറ്റിയിലെ 1-(4)-ാം നമ്പർ തീരുമാനപ്രകാരം സുപ്രീം ഏജൻസീസ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ വാങ്ങാൻ തീരുമാനിച്ചു. വിവിധ സ്ഥാപനങ്ങൾ ക്വാട്ടുചെയ്ത തുകകൾ തമ്മിൽ താരതമ്യ പഠനം നടത്തിയതായും കാണുന്നില്ല. ക്വട്ടേഷൻ നടത്തിയപ്പോൾ ആവശ്യമുള്ള ഉപകരണങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിരുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	എക്സിക്യൂട്ടീവ് ടേബിൾ	റിവോൾവിംഗ് ചെയർ	അലമാര	പ്ലാസ്റ്റിക് കസേര
ജെയ്സൺ ഇംപക്സ്, മുത്തോലി	3200/-ഒരു വർഷ വാറന്റി 5000/-ഒരു വർഷ വാറന്റി 8000/-മൂന്ന് വർഷ വാറന്റി	4000/- മീഡിയം ബാക്ക് ഒരു വർഷ വാറന്റി 6000/-ഹൈബാക്ക് ഒരു വർഷ വാറന്റി 10000/-മൂന്ന് വർഷ വാറന്റി	13000/- 18ഗേജ് ഒരു വർഷ വാറന്റി 8500/-20ഗേജ് ഒരു വർഷ വാറന്റി 15000/- ഹെവി ടൈപ്പ് മൂന്ന് വർഷ വാറന്റി 11000/-ഹെവി ടൈപ്പ് രണ്ട് വർഷ വാറന്റി	470/-വെർജിൻ പ്ലാസ്റ്റിക് ISO സർട്ടിഫൈഡ്,രണ്ട് വർഷ വാറന്റി 425/-വെർജിൻ പ്ലാസ്റ്റിക് , ഒരുവർഷ വാറന്റി
കീർത്തി മാർക്കറ്റിംഗ് കാലടി	9500/- 7500/-	6500/-ഹൈബാക്ക് 5500/- ലോ ബാക്ക്	8800/- 18 ഗേജ് 78x36x18"	420/-വെർജിൻ പ്ലാസ്റ്റിക്
സുപ്രീം ഏജൻസി പെരുമ്പാവൂർ	10800/-	7900/-ഹൈബാക്ക് 4900/-ലോ ബാക്ക്	12850/- 78x36x18", 5 പാനൽ	750/- 100% വെർജിൻ പ്രൈമ ഇന്നോവ 510/-വെർജിൻ പ്ലാസ്റ്റിക് ആകൃവ 545/-വെർജിൻ പ്ലാസ്റ്റിക് ക്വിക്കർ

മേൽസൂചിപ്പിച്ച പ്രൊജക്ടുകൾക്കു വേണ്ടി ചുവടെ ചേർത്തിരിക്കും പ്രകാരം സുപ്രീം ഏജൻസി പെരുമ്പാവൂർ എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ വാങ്ങുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ട്	എക്സിക്യൂട്ടീവ് ടേബിൾ	റിവോൾവിംഗ് ചെയർ	അലമാര	പ്ലാസ്റ്റിക് കസേര	ബിൽ വിവരം
പഞ്ചായത്ത് ഓഫീസിലേക്ക് ഫർണീച്ചർ വാങ്ങൽ (174/19),	2 2x10800=21600	2 ഹൈബാക്ക് 2x7900=15800/- 2 ലോബാക്ക് 4900x2=9800	3 3x12850= 38550	--	85750/- ബിൽനം. 36/18-19, 25-3-19
വിട്ടുകിട്ടിയ സ്ഥാപനങ്ങളിലേക്ക്	3	2 ഹൈബാക്ക്	3	4	93830/- ബിൽനം.

ഫർണീച്ചർ വാങ്ങൽ (178/19)	3x10800=32400	2x7900=15800/- 1 ലോ ബാക്ക് 4900x1=4900	3x12850= 38550	4x545=2180	35/18-19, 25-3-19

കുറഞ്ഞ തുക ക്വാട്ട ചെയ്യുകയും, വാറന്റി വാഗ്ദാനം ചെയ്യുകയും ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ തുക ക്വാട്ട ചെയ്ത സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ വാങ്ങിയതിന് ഓഡിറ്റ് എൻക്വയറി (നമ്പർ 4/23.09.20) മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ഹാജരാക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ ചെലവ് ₹179580/-(85750+93830) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 കുടിവെള്ളപദ്ധതികൾ-അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ കുടിവെള്ള പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി കണക്ഷൻ-കരാറുകാർക്ക് അധികം തുക നൽകി

ഒബ്സർബ്ഡ് ഡേറ്റ 161215/17-18 പ്രകാരം സിംഗിൾ ഫേസ് വൈദ്യുതി കണക്ഷൻ സ്ഥാപിക്കുന്നതിന് ₹4646/-യുടെ നിരക്ക് നിശ്ചയിച്ചാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ KSEB ₹2654/-യ്ക്കുള്ള നിരക്ക് നിശ്ചയിച്ചാണ് പഞ്ചായത്തിൽ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുള്ളത് ചുവടെ ചേർക്കുന്ന പ്രവർത്തികളുടെ അളവുബുക്കിൽ ₹4646/- രേഖപ്പെടുത്തിയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്. ക്രമനമ്പർ 1 ൽ പരാമർശിച്ചിരിക്കുന്ന പദ്ധതിയുടെ വൈദ്യുതി കണക്ഷൻ ബില്ലിലും ₹2654/- യാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്രമ നമ്പർ 2 ലും 3 ലും പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളിലെ വൈദ്യുതി കണക്ഷൻ ബിൽ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ക്രമ നം. 2,3 എന്നി പ്രകാരമുള്ള ബില്ലിലും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ഈ തുക കൂടി തിരികെ ഈടാക്കേണ്ടതാണ്.

	പദ്ധതിയുടെ പേര്	കരാറുകാരൻ&അളവുബുക്ക്	ബിൽ നം&തീയതി	തുക(₹)	റിമാർക്സ്
1)	അഞ്ചുമുക്ക് സ്വർഗ്ഗംമേട് കുടിവെള്ള പദ്ധതി(103/19)	ബാബു ദേവസ്യ 41/18-19	8/2.11.18	206803	KSEB ബിൽ നം2336638&39 തീ.11.09.18
2)	വാർഡ് 11 കാന്തിപ്പാറ കുടിവെള്ള പദ്ധതി(101/19)	ബെന്നി ജോസഫ് 44/18-19	20/19.11.18	197875	KSEB ബിൽ ലഭ്യമാക്കിയില്ല
3)	തൈക്കാട്ട് പടി കുടിവെള്ള പദ്ധതി	ബാബു ദേവസ്യ 39/18-19	12/18-19	125000	KSEB ബിൽ ലഭ്യമാക്കിയില്ല

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (എൻക്വയറി നം.5) മറുപടി നൽകിയിട്ടില്ല. പദ്ധതി സ്ഥലം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കി കുടിവെള്ള പദ്ധതികളുടെ തുടർ പരിപാലനം ഗുണഭോക്തൃ സമിതിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വൈദ്യുതി കണക്ഷൻ ചാർജ്ജിനത്തിൽ അധികം നൽകിയ തുക കരാറുകാരിൽ നിന്ന് ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പദ്ധതി സ്ഥലം ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടില്ല

കുഴൽ കിണർ കുഴിച്ച് പമ്പ് സെറ്റുകൾ, പൈപ്പു ലൈനുകളും ടാങ്കും സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിലെ കുഴൽ കിണർ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത് കുഴൽ കിണർ നിർമ്മിച്ച സ്ഥലം ഏറ്റെടുത്ത് പോക്കുവരവ് ചെയ്ത് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ഭരണസമിതി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കുടിവെള്ള പദ്ധതിയുടെ പേര്	കുഴൽ കിണർ സ്ഥിതി ചെയ്യുന്ന സ്ഥലം	പദ്ധതി ചെലവ്
അഞ്ചുമുക്ക് സ്വർഗ്ഗംമേട് കുടിവെള്ള പദ്ധതി(103/19)	ശ്രീ കുര്യാക്കോസ് തോട്ടിക്കാട്ടിലിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം	₹206803
കാന്തിപ്പാറ കെ.എം.ആർ ഭാഗം കുടിവെള്ള പദ്ധതി(99/19)	ശ്രീ ജയിംസ് മാത്യുവിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം	₹199715
മുതിരയിൽ കുടിവെള്ള പദ്ധതി(111/19)	ശ്രീ ടോമി ഇല്ലിമൂട്ടിലിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം	₹221019
തൊട്ടിഭാഗം കുടിവെള്ള പദ്ധതി(112/19)	ശ്രീ സോമൻ പാറത്താനത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം	₹184513

3. പദ്ധതി പരിപാലന ചുമതല ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടില്ല

താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ തൃപ്തികരമായി പൂർത്തിയാക്കയതു സംബന്ധിച്ച മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർത്ത് പദ്ധതികളുടെ തുടർ പരിപാലന ചുമതല ഗുണഭോക്തൃസമിതിക്ക് കൈമാറി നൽകിയിട്ടില്ല.

1.കാന്തിപ്പാറ കെ.എം.ആർ ഭാഗം കുടിവെള്ള പദ്ധതി(99/19)

2.അഞ്ചുമുക്ക് സ്വർഗ്ഗംമേട് കുടിവെള്ള പദ്ധതി(103/19)

3.മുതിരയിൽ കുടിവെള്ള പദ്ധതി(111/19)

4.തൊട്ടിഭാഗം കുടിവെള്ള പദ്ധതി(112/19)

5.ആവണക്കുംചാൽ എസ്.സി കോളനി കുടിവെള്ള പദ്ധതി(100/19)

6.വാർഡ് 11 കാന്തിപ്പാറ കുടിവെള്ള പദ്ധതി(101/19)

7.തൈക്കാട്ട് പടി കുടിവെള്ള പദ്ധതി

8.വട്ടപ്പാറ 15 ഏക്കർ കുടിവെള്ള പദ്ധതി(105/19)

9.ആലപ്പടി കുടിവെള്ള പദ്ധതി(110/19)

10.തൊട്ടിമല ഭാഗം കുടിവെള്ള പദ്ധതി(112/19)

11.കാന്തിപ്പാറ കുഴിപ്പ് ഭാഗം കുടിവെള്ള പദ്ധതി(114/19)

12.പുളിമൂട്ടിൽ ഭാഗം കുടിവെള്ള പദ്ധതി(118/19)

13.താഴെപ്പുളളി ഭാഗം കുടിവെള്ള പദ്ധതി(141/19)

1-20 വിവിധ പദ്ധതികൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമ പഞ്ചായത്ത് വിനിയോഗിച്ചിട്ടില്ല

വിവിധ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലേക്ക് (നം.71007140000004) ₹419771/- ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിന് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്	തുക	തുക വരവ് വച്ച തിയതി
ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർ ഷിപ്പ്	100000	30.07.18
ജവഹർ ഭവന പദ്ധതി	51271	30.07.18
ലൈഫ് മിഷൻ പട്ടിക ജാതി	43500	30.07.18
പേരു വിവരം ലഭ്യമല്ല	225000	30.07.18
ആകെ	419771	

ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് 2018-19 ലും 2019-20 ലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. 31.03.19 ൽ വൗച്ചർ നമ്പർ 41800270 പ്രകാരം 160300202 നമ്പർ ഹെഡിലേക്ക് തുക മാറ്റി ചെലവ് വിവരം രേഖപ്പെടുത്തിയതിനാൽ വാർഷിക കണക്കുകളിലെ ബാധ്യത വിവരങ്ങളിൽ പ്രസ്തുത തുക ഉൾപ്പെട്ടിട്ടുമില്ല. ₹419771/- ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടക്കേണ്ടതാണ്.

1-21 വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല

ബിൽ രജിസ്റ്റർ പ്രകാരം 21.01.2019-ൽ ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന വൗച്ചറുകളും അനുബന്ധരേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നമ്പർ	തുക
21800620	1904/-
21800621	24750/-
21800622	6000/-
21800623	8850/-
21800624	720/-
21800625	4061/-
21800626	14547/-
21800627	24800/-
21800628	195955/-
21800629	184436/-
21800630	175964/-
21800631	212905/-
21800632	21000/-
21800633	10000/-
21800634	2400/-

21800635	9250/-
21800636	21485/-
21800643	400/-
21800644	10000/-
21800645	16/-
21800646	432000/-
21800647	3013/-
21800648	1500000/-
21800649	902326/-
21800650	450000/-
21800651	297500/-
21800652	1140340/-
21800653	304254/-
21800654	2543/-
ആകെ	5961419

ബിൽ രജിസ്റ്ററിൽ പ്രസ്തുത ചെലവുകൾ സംബന്ധിച്ച് നേരിട്ട് ബാങ്കിലേക്ക് ഡെബിറ്റ് ചെയ്തത്, ക്രമീകരിക്കാൻ ബാക്കി നിൽക്കുന്നത് എന്ന കുറിപ്പുകളാണ് ചേർത്തിരിക്കുന്നത്. ചെലവുകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി (6) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ₹5961419/-യുടെ ചെലവ് തടസ്സം ചെയ്യുന്നു.

1-22 ഫയലുകൾ ഹാജരാക്കിയില്ല ചെലവ് തടസ്സം ₹16,00000/-

പ്രോജക്ട് /നം.	വനിത ക്ഷീരകർഷകർക്ക് ഇൻസെന്റീവ്-61/1-19
ചെലവ് വിവരം	₹16,00,000/- 100000/-വികസന ഫണ്ട് 1500000/-ജില്ലാ പഞ്ചായത്ത് വിഹിതം
നിർവ്വഹണം	ഡയറി ഫാം ഇൻസ്റ്റക്ടർ
അടങ്കൽ	₹16,00,000/-

2018-19 വർഷം ഡയറി ഫാം ഇൻസ്റ്റക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ ഫയലുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഫയലുകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിട്ടും (നം.11 തീ.24.09.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ചെലവ് തുക ₹16,00000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 വിവിധോദ്ദേശ്യ ഗ്രാന്റുകൾ-ചെലവു വിവരം ലഭ്യമല്ല

സമ്പൂർണ ശുചിത്വ മിഷൻ,മറ്റ് റെവന്യൂ ഗ്രാന്റ് എന്നീയിനങ്ങളിൽ ഗ്രാമ പഞ്ചായത്തിന് 2018-19 വർഷം ലഭിച്ചിട്ടുള്ള തുകകളുടെ ചെലവു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഗ്രാന്റിനം		വരവ് തുക	അക്കൗണ്ട് ഹെഡ്	തുക വരവ് വച്ച ബാങ്ക് അക്കൗണ്ട്	വാർഷിക കണക്ക് ട്രയൽ ബാലൻസ് പ്രകാരമുള്ള ചെലവ്
ശുചിത്വമിഷൻ	ജില്ലാ ശുചിത്വ മിഷൻ	1200000	320200322	UBI 238	1035952
	മഴക്കാല പൂർവ്വ ശുചീകരണം	130000			
	സ്വഛ് ഭാരത് മിഷൻ മികവിനുള്ള ഇൻസെന്റീവ്	439008			
മറ്റ് റവന്യൂ ഗ്രാന്റുകൾ		339659	160100799	ലഭ്യമല്ല	339659

ഗ്രാന്റ് തുകകളുടെ വിനിയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.8) മറുപടി നൽകിയിട്ടില്ല. ഗ്രാന്റ് തുകകളുടെ ചെലവ് സംബന്ധമായ എല്ലാ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-24 പാത്രങ്ങൾ വാങ്ങൽ -അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ നടത്തപ്പെടുന്ന പരിപാടികൾക്ക് ഭക്ഷണം വിതരണം നടത്തുന്നതിലേക്കായി സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ വാങ്ങിയതിനായി കെ.കെ.സ്റ്റോഴ്സ് രാജകുമാരി എന്ന സ്ഥാപനത്തിന് ₹26800/- (ചെക്ക് നം.16143/28-11-2013)

നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പാത്രങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ള 2010 ലെ പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം ₹25000/- മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കേണ്ടതാണ്.

2. പതിനായിരം രൂപയിലധികമുള്ള ചെലവായിരുന്നിട്ടും പദ്ധതി രൂപീകരിച്ച് ചെലവ് നടത്തുന്നതിന് ശ്രമിച്ചില്ല.

3.പാത്രങ്ങൾ തരം തിരിച്ച് പ്ലെയിറ്റ്, ഗ്ലാസ്സ് എന്നിവ എത്രയെണ്ണം വാങ്ങണമെന്ന് തീരുമാനമെടുത്തിട്ടില്ല. വിതരണം ചെയ്ത സ്ഥാപനത്തിന്റെ ബില്ല് പ്രകാരം പാത്രത്തിന്റ് ആകെ ഭാരം മാത്രമാണ് ചേർത്തിരിക്കുന്നത്. പാത്രങ്ങൾ തരം തിരിച്ച് പ്ലെയിറ്റ്, ഗ്ലാസ്സ് എന്നിവ എത്രയെണ്ണം ലഭ്യമായെന്ന് വ്യക്തമായിട്ടില്ല.

4.പാത്രങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരം ലഭ്യമായിട്ടില്ല

മേൽപറഞ്ഞ കാരണങ്ങളാൽ ചെലവ് തുക ₹ 26800/- തടസ്സപ്പെടുത്തുന്നു.

ഭാഗം -4
പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2018-2019	14.06.2019, 15.06.2019	കെ.എസ്.എ.ഐ.ഡി.കെ.3/520(41)/19 തീയതി 13.08.19

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ട്നിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2017-18	297500	വനിതാ കർഷകർക്ക് കൂലിചെലവ്(95/19)	297500	0
	2017-18	2492666	ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം(94/19)	2492666	0
	2018-19	2078175	ലൈഫ് ഭവന പദ്ധതി ജനറൽ(10/19)	2040000	38175
	2018-19	1500000	വനിതാ ക്ഷീര കർഷകർക്ക് ഇൻസെന്റീവ്(61/19)	1500000	0
ബ്ലോക്ക് പഞ്ചായത്ത്	2018-2019	924475	ലൈഫ് ഭവന പദ്ധതി ജനറൽ(10/19)	920000	4475

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2018-19 വർഷം വിവിധ പദ്ധതികൾക്കായി ₹419771/- കൂടി ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ₹600000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ	ഉത്തരവ്	ലഭിച്ച	വർഷാ	തുടർവർഷം	വർഷാവ

പേര്/ ഉദ്ദേശ്യം	നമ്പർ/തീയതി	വായ്പ തുക	രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തിരിച്ചടച്ച തുക		സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ് ഭവന നിർമ്മാണം	സ.ഉ.(സാ)229/2010 ത.സ്വ.ഭ.വ തീയതി 27.11.2010	94950000	1495000	800000	0	695000
ജവഹർ ഭവന പദ്ധതി	സ.ഉ(ആർ.റ്റി)577/2015 ത.സ്വ.ഭ.വ തീയതി 27.5.15	6800000	5440000(തൻവർഷ വായ്പ ₹600000/- ഉൾപ്പെടെ)	800000-	0	4640000

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹2809/- യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തീയതി
2006-07	2-2	131	ആർ രാധാകൃഷ്ണൻ നായർ, സെക്രട്ടറി (റിട്ട)	118030100546/30.06.2018
2006-07	3-7	728	ഉഷ സ്റ്റീഫൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ	11803010054/ 30.06.2018
2009-10	3-1	1800	മനോജ് വി എ, സീനിയർ ക്ലർക്ക്	118030100549/ 30.06.2018
2006-07	2-4	150	ആർ രാധാകൃഷ്ണൻ നായർ, സെക്രട്ടറി (റിട്ട)	118030100547/ 30.06.2018
ആകെ		2809		

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-03	3.35.3	2006-07	2-2	നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല	
2007-08	2-4	2011-12	3-8 3-10	ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ധന സഹായം ₹95000-,₹17978/	
2015-16	2-2	2016-17	അനുബന്ധം 4	വസ്തുനികുതി അപാകതകൾ	

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	46527218
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	46147505
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	7849176

(ബി) ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗ പേരും
1-17	81377	ശ്രീ ഹാരിസ് ഖാൻ. എം, സെക്രട്ടറി
1-18	179580	ശ്രീ ഹാരിസ് ഖാൻ. എം, സെക്രട്ടറി
1-21	5961419	ശ്രീ ഹാരിസ് ഖാൻ,സെക്രട്ടറി
1-22	1600000	ശ്രീ. എ.സി. റെജിമോൻ, ഡയറിഫാം ഇൻസ്ട്രക്ടർ
1-24	26800	ശ്രീ ഹാരിസ് ഖാൻ.എം, സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗ പേരും	സ്ഥിരം മേൽവിലാസം	ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം
ശ്രീ ഹാരിസ് ഖാൻ. എം	മുളമൂട്ടിൽ(H),വാളൻചുഴി പി.ഒ,പത്തനംതിട്ട ജില്ല	സെക്രട്ടറി, കാമാക്ഷി ഗ്രാമപഞ്ചായത്ത്
ശ്രീ. എ.സി. റെജിമോൻ	ഡയറിഫാം ഇൻസ്ട്രക്ടർ	കൃഷ്ണപ്രിയ ഹൗസ്, നെടുങ്കണ്ടം പി.ഒ, നെടുങ്കണ്ടം, ഇടുക്കി

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1975-76	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1976-77	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1977-78	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1978-79	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1979-80	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1980-81	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1981-82	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1982-83	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1983-84	എൽ.എഫ്.ഐ-8/64/99		

	തീ.16.02.99		
1984-85	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1985-86	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1986-87	എൽ.എഫ്.ഐ-5/680/90 തീ.27.08.90		
1987-88	എൽ.എഫ്.ഐ-5/502/91 തീ.11.09.91		
1988-89	എൽ.എഫ്.ഐ-5/615/92 തീ.26.06.1993		
1989-90	എൽ.എഫ്.ഐ-5/615/92 തീ.26.06.1993		
1990-91	എൽ.എഫ്.ഐ-5/615/92 തീ.26.06.1993		
1991-92	എൽ.എഫ്.ഐ-5/590/93 തീ.16.04.1994		
1992-93	എൽ.എഫ്.ഐ-5/590/93 തീ.16.04.1994		
1993-94	എൽ.എഫ്.ഐ-5/485/96 തീ.27.10.96		
1994-95	എൽ.എഫ്.ഐ-5/415/96 തീ.10.10.1996		
2000-01	കെ.എസ്.എ-ഐ.ഡി.കെ12/692/2018 തീ.18.10.18	1	28
2001-02	കെ.എസ്.എ-ഐ.ഡി.കെ12/692/2018 തീ.18.10.18	1	2-1
2002-03	കെ.എസ്.എ-ഐ.ഡി.കെ12/692/2018 തീ.18.10.18	1	2-5
2006-07	കെ.എസ്.എ-ഐ.ഡി.കെ12/1046/2018 തീ.8.05.12	14	2-1,2-2,2-3,2-4, 3-1,3-2,3-3,3-4, 3-5,3-6,3-7,3-8, 3-9,3-10
2007-08	എൽ.എഫ്.ഐ-12/1210/10 തീ.12.10.11	14	2-1,2-2,2-3,2-4,3-1, 3-2,3-3, 3-4,3-5,3-6,3-7,3-8, 3-9,3-10
2008-09	എൽ.എഫ്.ഐ-12/642/13 തീ.5.6.14	13	2-1,2-2,2-3,2-4,3-1, 3-2,3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10
2009-10	എൽ.എഫ്.ഐ-12/689/13 തീ.16.10.14	10	2-1,2-2,3-1,3-2,3-3, 3-4,3-5,3-6,3-7,3-8
2010-11	എൽ.എഫ്.ഐ-12/778/14 തീ.3.2.15	14	2-1,2-2,2-3,2-4,3-1, 3-2,3-3, 3-4,3-5,3-6,3-7, 3-8,3-9,3-10
2011-12	എൽ.എഫ്.ഐ-12/152/15 തീ.12.03.15	12	3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11,3-12, 3-13, 3-14
2012-13&2013-14	എൽ.എഫ്.ഐ-12/1142/15 തീ.09.10.15	7	2-1,3-1,3-2,3-3,3-4, 3-5,3-6
2014-15	എൽ.എഫ്.ഐ-12/1318/16 തീ.	3	2-2,3-3,3-4
2015-16	കെ.എസ്.എ-ഐ.ഡി.കെ12/452/2017 തീ.18.04.17	7	2-1,2-2,2-3,3-1, 3-2,3-3,3-4
2016-17	കെ.എസ്.എ-ഐ.ഡി.കെ12/1662/2017	8	2-1,2-2,2-3, 3-1,3-2, 3-3,3-4,3-5
2017-18	കെ.എസ്.എ-ഐ.ഡി.കെ12/55/2019 തീ.12.02.19	15	2-2,2-3,2-4, 2-5,3-1, 3-3,3-4,3-5 ,3-6,3-7,3-8, 3-9,3-10, 3-11,3-12

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഐ.ഡി.കെ.-12/787/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
തീയതി. 02.11.2020
ഇ-മെയിൽ : doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, എന്നിവ അനുസരിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ **സേനാപതി** ഗ്രാമപഞ്ചായത്തിന്റെ 31.03.2019ന് അവസാനിച്ച സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക, കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

AUDIT CERTIFICATE

KSA-IDK-12/787/2020

Kerala State Audit Department
District Audit Office, Idukki
Thodupuzha – 685 584
Phone : 04862 227332
E-mail : doidk.ksad@kerala.gov.in
Date. 02.11.2020

Certified that I have audited the Annual Financial Statement of SENAPATHY Grama Panchayat in Idukki District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayat Raj Institutions and the provisions in GO(Rt)1413/2018/LSGD dated 22.05.2018.

In my opinion, the Financial Statements of SENAPATHY Grama Panchayat for the 2018-19, except the observations in my Audit Report, properly presents accurate and complete information on the documents submitted to the audit.

DEPUTY DIRECTOR
IDUKKI